ത്തിൽ കൈവരാത്ത അനുഭൂതിയുടെ വികസ്വരമേഖലകൾ ഇത്തരം ധ്യാനസംഘങ്ങളിലൂടെ പലരും നേടിവരുന്നതായി പ്രൊഫസർ റെഷ് അവകാശപ്പെടുന്നു.

എങ്കിലും, പരേതാത്മാക്കളിൽനിന്നു ലഭിക്കുന്ന സന്ദേശങ്ങളനുസരിച്ച് സ്വന്തം പ്രവർത്തനം രൂപവൽക്കരിക്കുന്നത് അനർത്ഥമായിരിക്കുമെന്ന താക്കീത് പ്രൊഫസർ റെഷ് യുവജനങ്ങൾക്കു നൽകാതിരിക്കുന്നില്ല.

(10 ആഗസ്റ്റ്, 1986)

## 83. കോടതി കിടപ്പുമുറിയിലേക്ക്

സൂക്ഷിച്ചു കൈകാര്യംചെയ്തില്ലെങ്കിൽ 'അശ്ലീലം' എന്നു വിധിക്കപ്പെട്ടേക്കാവുന്ന ഒരു വിഷയത്തെക്കുറിച്ചാണ് എഴുതുന്നത്. സൂക്ഷിച്ചു കൈകാര്യംചെയ്താൽത്തന്നെ ഈ വിഷയത്തെ ചിലർ അശ്ലീലമായേ കണ്ടുള്ളു എന്നും വരാം. എങ്കിലും, വിഷയം പ്രധാനമായതുകൊണ്ട് അതിനെപ്പററി എഴുതുന്നു. എതിരഭിപ്രായമുള്ളവർ ക്ഷമിക്കണം.

സ്ത്രീപുരുഷബന്ധത്തിന്റെ, അല്ലെങ്കിൽ ലൈംഗികബന്ധത്തിന്റെ, ചില വശങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

സ്വന്തം പ്രതിച്ഛായയിൽ മനുഷ്യനെ (പുരുഷനെ) സൃഷ്ടിച്ചശേഷം, അയാൾ ഏകനായിരിക്കുന്നതു നന്നല്ല എന്നു വിചാരിച്ച് ദൈവം, ഉറങ്ങുന്ന മനുഷ്യന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്ത് അതുകൊണ്ടു സ്ത്രീയെ സൃഷ്ടിച്ചു എന്ന ബൈബിൾക്കഥ എല്ലാവർക്കും പരിചിതമായിരിക്കും. 'അതുകൊണ്ടു പുരുഷൻ പിതാവിനെയും മാതാവിനേയും വിട്ട് ഭാര്യയോടു പററിച്ചേരും; അവർ ഒരു ശരീരമായിത്തീരും' എന്നു ബൈബിൾ പറയുന്നു. തന്റെ നഷ്ടപ്പെട്ട വാരിയെല്ല് കണ്ടെത്തുമ്പോൾ മാത്രമേ പുരുഷനു പൂർണതാബോധം വരുന്നുള്ളു; സ്ത്രീയാണെങ്കിൽ, പുരുഷനിൽ കണ്ടെത്താനുള്ളതു സ്വന്തം അസ്ഥികൂടത്തിന്റെ ഏറെക്കുറെ മുഴുവൻ ഭാഗവുമാണ്! സ്ത്രീപുരുഷന്മാർക്കു പരസ്പരമുള്ള ലൈംഗികാകർഷണത്തിന്റെ സ്വാഭാവികതയെയും മൗലികതയെയും വിശദീകരിക്കുന്നതിനുള്ള ലഘുവായ ഒരു അലങ്കാര കല്പനയത്രേ ബൈബിളിലെ കഥ. ഹിന്ദുപുരാണങ്ങളിലെ പാർവതീ—പരമേശ്വര ഉപാഖ്യാനങ്ങളും, അർദ്ധനാരീശ്വര രൂപത്തിലുള്ള ശിവസങ്കല്പവും മററും വ്യക്തമാക്കുന്ന തത്വവും സ്ത്രീപുരുഷബന്ധത്തിന്റെ സ്വാഭാവികതയും മൗലികതയും ധാർമികതയും ഒക്കെത്തന്നെ.

സമുദായം അംഗീകരിച്ച വഴക്കങ്ങൾക്കു വിധേയമായി പുരുഷനും സ്ത്രീയും ഒത്തുചേർന്നു ജീവിക്കുമ്പോൾ 'കുടുംബം' എന്ന സ്ഥാപനം ഉണ്ടാകുന്നു. കുടുംബമാണു രാഷ്ട്രത്തിന്റെ പ്രാഥമിക ഘടകം. സന്തുഷ്ട കുടുംബങ്ങൾ രാഷ്ട്രത്തെ സമൃദ്ധിയിലേക്കും സമാധാനത്തിലേക്കും നയിക്കുന്നു.

തീ അടുപ്പിലോ വിളക്കിലോ എരിയേണ്ടതു് മനുഷ്യജീവിതത്തിന്റെ നിലനില്പിനു് അനുപേക്ഷണീയമാണ്. പക്ഷേ, നിശ്ചിതസ്ഥലത്തല്ലാതെ, നോക്കുന്നിടത്തൊക്കെ തീ എരിഞ്ഞു തുടങ്ങിയാലോ?

സമുദായവഴക്കങ്ങൾ വിലംഘിച്ചുകൊണ്ടുള്ള സ്ത്രീപുരുഷ ബന്ധത്തിന്റെ സ്ഥിതി, ഏറെക്കുറെ അസ്ഥാനത്തിൽ എരിയുന്ന തീയിന്റേതുതന്നെ. രക്തബന്ധമുള്ളവർക്കിടയിലെ ലൈംഗികബന്ധം, വ്യഭിചാ

രം മുതലായവയെ മഹാപാപങ്ങളായി എല്ലാ സമൂഹങ്ങളും എണ്ണിവന്ന തു് ഇക്കാരണത്താലാകുന്നു.

പുരുഷന്റെ ലൈംഗികവാസനയെ ഉത്തേജിപ്പിക്കുന്നതു്, സാധാരണഗതിയിൽ, സ്ത്രീയാണു്. അതുപോലെ, സ്ത്രീയുടെ ലൈംഗികാഭിലാഷങ്ങൾ പുരുഷനെയാണു ലക്ഷ്യമാക്കുന്നതു്. എന്നാൽ, എല്ലാ സാധാരണനിയമങ്ങൾക്കും ഉണ്ടാകാമല്ലോ ചില അപവാദങ്ങൾ. പ്രത്യേകതരം മനോഘടനയുള്ള ചില പുരുഷന്മാർക്കു മററു പുരുഷന്മാരോടു്, പ്രത്യേകിച്ചു് കൗമാരപ്രായത്തിലുള്ള ആൺകുട്ടികളോടു്, ആണു് കമ്പം. ഇതുപോലെ, സ്ത്രീകളോടു് ലൈംഗികാകർഷണം തോന്നുന്ന സ്ത്രീകളുമുണ്ടു്. ഈ പ്രതിഭാസമാണു സമലൈംഗികത (ഹോമാ—സെക്ഷ്വാലിററി). സമലൈംഗികതയെ വ്യഭിചാരംപോലെതന്നെ മഹാപാപമായി പല പ്രാചീനജനതകളും കരുതി. സമലൈംഗികതമൂലം ദൈവകോപത്തിനു് ഇരയായി നശിച്ചുപോയ സോദോം, ഗൊമോറ എന്നീ നഗരങ്ങളെപ്പററി ബൈബിൾ പറയുന്നുണ്ടു്. പില്ക്കാലത്തു സമലൈംഗികത ഒരുതരം മനോരോഗമായി ഗണിക്കപ്പെട്ടു.

ആധുനിക പാശ്ചാത്യ മനശ്ശാസ്ത്രം ഈ പ്രതിഭാസത്തെ, ധർമാധർമ ചിന്തയിൽനിന്നു വേർപെടുത്തി, വസ്തുനിഷ്ഠമായി പഠിക്കാൻ ഒരുങ്ങി. ഹാവ്‌ലോക്ക് എല്ലിസ് പോലെയുള്ള ലൈംഗിക മനശ്ശാസ്ത്രകാരന്മാർ ഈ വൈകൃതം സാധാരണ വിശ്വസിക്കപ്പെട്ടുവരുന്നതിനേക്കാൾ എത്രയോ അധികം വ്യാപകമാണെന്നു ചൂണ്ടിക്കാണിച്ചു. എല്ലിസ്സിന്റെ സിദ്ധാന്തങ്ങളെ, 'രതിസാമ്രാജ്യം' എന്ന ഗ്രന്ഥത്തിലൂടെ കഴിഞ്ഞ തലമുറയിലെ കവിയും ചിന്തകനുമായിരുന്ന നാലപ്പാട്ടു നാരായണമേനോൻ മലയാളികൾക്കു് ഏതാണ്ടു് അരനൂററാണ്ടു മുമ്പു പരിചയപ്പെടുത്തുകയുണ്ടായി. പിന്നീടാണു് ഫ്രോയിഡിന്റെയും ശിഷ്യരുടെയും മാനസികാപഗ്രഥന സിദ്ധാന്തങ്ങൾ പ്രചരിക്കാൻ തുടങ്ങിയതു്. അന്ധവും, നിർവ്വിവേകവും, മൗലികവും, സർവാശ്ലേഷകവും, അപ്രതിരോധ്യവും ആയ ഒരു തമശക്തിയായി ലൈംഗികചോദനയെ മാനസികാപഗ്രഥനക്കാർ കരുതി. സമുദായം അംഗീകരിച്ച വഴക്കങ്ങൾക്കോ ധർമാധർമ ചിന്തയ്ക്കോ അപ്പുറത്താണു ലൈംഗിക ചോദനയുടെ ഉറവുകൾ എന്നും അവയെ നിയന്ത്രിക്കാൻ ശ്രമിക്കുന്നതു് അത്ശൂന്യവും നിഷ്ഫലവും ആപൽക്കരവും ആണെന്നുമുള്ള ധാരണ മാനസികാപഗ്രഥനക്കാർ പരത്തി. ശരീരത്തിന്റെ വിശപ്പിനേപ്പോലെതന്നെ, ഏതു വിധത്തിലും തൃപ്തിപ്പെടുത്തേണ്ട 'മനസ്സിന്റെ വിശപ്പ്' ആണു് കാമമെന്ന 'തത്വം' കേശവദേവിനെപ്പോലെയുള്ള എഴുത്തുകാർ കേരളത്തിൽ പ്രചരിപ്പിച്ചതു ചിലരെങ്കിലും ഓർക്കുന്നുണ്ടാവും.

കിൻസി എന്ന അമേരിക്കൻ ശാസ്ത്രജ്ഞൻ ആ നാട്ടിലെ പുരുഷന്മാരുടെ (പിന്നീടു് സ്ത്രീകളുടെയും) ലൈംഗികപ്പെരുമാററങ്ങളെപ്പററി 1950—കളിൽ വിപുലങ്ങളായ പഠനങ്ങൾ നടത്തി. പൊതുവേ ഒളിച്ചുവയ്ക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, ഒട്ടെല്ലാ സ്ത്രീപുരുഷന്മാരിലും സമലൈംഗിക കാമവാസനകൾ നിലകൊള്ളുന്നുണ്ടു് എന്ന വിശ്വാസം പ്രബലമാക്കാൻ കിൻസിയുടെ പഠനങ്ങൾ സഹായിച്ചു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ചൂടുള്ള അപ്പംപോലെ ലോകത്തിലെങ്ങും വിററഴിഞ്ഞു. പരേതനായ ഡോക്ടർ കെ. ഭാസ്കരൻനായരുടെ ലേഖനങ്ങളിലൂടെ മലയാളികൾക്കും പകർന്നുകിട്ടി കിൻസിയുടെ സിദ്ധാന്തങ്ങൾ.

ഇതിന്റെയെല്ലാം ഫലമായി മുതലാളിത്തരീതി നിലവിലിരുന്ന യൂറോപ്യൻരാജ്യങ്ങളിലും അമേരിക്കൻ ഐക്യരാജ്യങ്ങളിലും ലൈംഗികബന്ധത്തെപ്പററിയുള്ള ധാരണകൾ ആകെ അട്ടിമറിഞ്ഞു. സമലൈംഗികത (ഹോമോ സെക്ഷ്വാലിററി) പ്രകൃതിവിരുദ്ധമാണെന്നു് അനുശാ

സിക്കുകയും, സമലൈംഗികരെന്നു കരുതപ്പെടുന്നവരെ കോടതികയററി വിചാരണചെയ്തു ശിക്ഷിക്കുകയും അതിനു മുമ്പ് പരിഷ്കൃത രാജ്യങ്ങളിൽ (അത്രയൊന്നും പരിഷ്കൃതങ്ങളല്ലാത്ത ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിലും) പതിവായിരുന്നു. ഇങ്ങനെ ശിക്ഷിക്കുന്നതിനുള്ള നിയമങ്ങൾ പീനൽ കോഡുകളിൽ എഴുതിവച്ചിരുന്നു. ഈ നിയമങ്ങൾ കാലഹരണപ്പെട്ടവയും കിരാതോചിതങ്ങളുമാണെന്ന വിമർശനം യൂറോപ്പിലും അമേരിക്കയിലും നാടുനീളെ ഉയർന്നുവന്നു. പല രാജ്യങ്ങളിലെയും നിയമസഭകൾ ഈ നിയമങ്ങളെ റദ്ദാക്കി. പ്രായപൂർത്തിവന്ന പുരുഷനും പുരുഷനും തമ്മിലും സ്ത്രീയും സ്ത്രീയും തമ്മിലും ഉഭയസമ്മതത്തോടെ നടത്തുന്ന ലൈംഗികബന്ധങ്ങൾ കുററമല്ലെന്നു് ബ്രിട്ടീഷ് പാർലമെൻറ് ഒരു നിയമം മുഖേന അംഗീകരിച്ചതു് ഇവിടെ എടുത്തു പറയേണ്ടതാണു്. ഇതിനെത്തുടർന്നു് പാശ്ചാത്യ രാജ്യങ്ങളിൽ പലരും പരസ്യമായിത്തന്നെ സമലൈംഗിക ദാമ്പത്യജീവിതം നയിച്ചു തുടങ്ങി. സമലൈംഗികരായ പുരുഷന്മാരെ 'ആഹ്ലാദശീലർ' എന്നു് അർത്ഥമുള്ള 'ഗേ' എന്ന പദംകൊണ്ടാണു് ഇംഗ്ലീഷിൽ ഇപ്പോൾ കുറിക്കുന്നതു്. ഇത്തരക്കാർ ആദ്യമാദ്യം ഒത്തുചേർന്നു കോളനികൾ ഉണ്ടാക്കി. 1956–ൽ ഞാൻ അമേരിക്ക സന്ദർശിച്ച കാലത്തു് സാൻഫ്രാൻസിസ്കോ നഗരിയിലെ 'ഗേ കോളനി'കൾ വലിയ ടൂറിസ്റ്റ് ആകർഷണ കേന്ദ്രങ്ങളെന്ന നിലയിൽ പരസ്യപ്പെടുത്തപ്പെട്ടിരുന്നു. തങ്ങൾ സമലൈംഗികരാണു് എന്നു കൊട്ടിഘോഷിക്കുന്നതു് അഭിമാനകരമാണെന്നു പല എഴുത്തുകാരും കലാകാരന്മാരും അന്നു കരുതി. സമലൈംഗികരായ സ്ത്രീകളെ ഇംഗ്ലീഷിൽ 'ലെസ്ബിയൻ' എന്നു വിളിക്കുന്നു. തങ്ങൾ ലെസ്ബിയന്മാരാണെന്നു കാണിക്കുന്നതിനു് ഒരു കാലിൽ പാദസരംപോലെ കനംകുറഞ്ഞ ഒരു ചങ്ങല പാരീസിലെ ലെസ്ബിയൻ സ്ത്രീകൾ ആ കാലത്തു കെട്ടിനടന്നിരുന്നു. ഇപ്പോൾ സ്ഥിതി എന്തോ! പാശ്ചാത്യാനുകരണത്തെ പരിഷ്കാരത്തിൻെറ പരകോടിയായി കണ്ടിരുന്ന ഇന്ത്യയിലെ പണക്കാരും, പണക്കാരായി നടിക്കുന്ന ഇടത്തരക്കാരും ഏതാണ്ടു് ഇതൊക്കെ ഇവിടെയും ചെയ്തുവന്നു (എങ്കിലും യൂറോപ്പിലെ കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ സ്ഥിതി അന്നും ഇന്നും കുറെ വ്യത്യസ്തമാണു്).

സമുദായത്തിൽ മാന്യത നേടിക്കൊണ്ടു വന്നിരുന്ന സമലൈംഗികതയുടെ മുഖത്തു് ഏററ അടിയായിരുന്നു എയ്ഡ്സ് രോഗം. ചികിത്സയില്ലാത്തതും അതിവേഗം പകരുന്നതുമാണു് ഈ രോഗമെന്ന അറിവു് അമേരിക്കയെയും മുതലാളിത്തയൂറോപ്പിനെയും കിടിലംകൊള്ളിച്ചു. സമലൈംഗിക വ്യഭിചാരികൾക്കിടയിലാണു് എയ്ഡ്സ് രോഗം കൂടുതൽ കാണുന്നതെന്ന വസ്തുത, അടുത്തകാലത്തുണ്ടായ 'ലൈംഗിക വിപ്ലവ'ത്തെപ്പററി പുനരാലോചന നടത്താൻ പാശ്ചാത്യരാജ്യങ്ങളിലെ ബുദ്ധിജീവികളെ പ്രേരിപ്പിച്ചു.

അപ്പോൾ, ലൈംഗികബന്ധങ്ങളെപ്പററി, പഴയ സമൂഹങ്ങൾ പുലർത്തിവന്ന ധാരണകൾ അന്ധവിശ്വാസങ്ങളൊന്നുമല്ല! മനുഷ്യവർഗം നിലനില്ക്കണമെങ്കിൽ, യുക്തിസഹങ്ങളായ ചില നിയന്ത്രണങ്ങൾ ലൈംഗികബന്ധങ്ങൾക്കുമേൽ ചുമത്തിയേ പററൂ! ഈ ബോധം പതുക്കെപ്പതുക്കെ യൂറോപ്പിലും അമേരിക്കയിലും വേരൂന്നിവരുകയാണു് ഇപ്പോൾ.

അമേരിക്കൻ ഐക്യരാജ്യങ്ങളിലെ ഏററവും വലിയ നീതിപീഠമാണു് സുപ്രീംകോടതി. പ്രായപൂർത്തി എത്തിയവരായിരുന്നാലും, ഉഭയസമ്മതത്തോടെയാണെങ്കിലും, സ്വന്തം മുറിയിൽ വാതിലടച്ചു് ഇരുന്നാണെങ്കിലും, സ്ത്രീകൾ തമ്മിൽത്തമ്മിലും പുരുഷന്മാർ തമ്മിൽത്തമ്മിലും, സമലൈംഗികബന്ധങ്ങളിൽ ഏർപ്പെടുന്നതു് മൗലികാവകാശമൊന്നുമ

ല്ലെന്നു് ഈ ജൂലൈ മാസത്തിൽ ആദ്യത്തെ ആഴ്ച അമേരിക്കൻ സുപ്രീം കോടതി ഭൂരിപക്ഷാഭിപ്രായപ്രകാരം തീരുമാനിച്ചു. 'സൈ്വര'ത്തിനു് (പ്രൈവസിക്കു്) ഉള്ള അമേരിക്കൻ പൗരന്റെ മൗലികാവകാശം, മുറിക്കകത്തു് അടച്ചിരുന്നു സമലൈംഗികബന്ധത്തിൽ ഏർപ്പെടുന്നവർക്കു സംരക്ഷണം നൽകുന്നില്ല.

പാശ്ചാത്യരാജ്യങ്ങളിൽ 'ലൈംഗികവിപ്ലവ'ത്തിന്റെ അവസാനം ആരംഭിച്ചിരിക്കുന്നു എന്നാവാം ഈ വിധിയുടെ അർത്ഥം.

സുപ്രീംകോടതിയുടെ ഈ വിധി ഏകകണ്ഠമായിരുന്നില്ല. അഞ്ചു ജഡ്ജിമാർ ഈ വിധിയോടു യോജിച്ചപ്പോൾ, നാലു ജഡ്ജിമാർ, മുതിർന്നവർക്കു സ്വകാര്യമായി സമലൈംഗികതയിലേർപ്പെടാമെന്ന അഭിപ്രായക്കാരായിരുന്നു. അവർ സ്വന്തം ഭിന്നാഭിപ്രായം കോടതിയിൽ എഴുതി വായിക്കുകയുംചെയ്തു. എങ്കിലും ഭൂരിപക്ഷവിധി യാഥാസ്ഥിതികരെയും മതമൗലികതാവാദികളെയും തൃപ്തിപ്പെടുത്തി. അതേസമയം, ലൈംഗികതയെ സംബന്ധിച്ചു് അടുത്തകാലത്തു് ഉണ്ടായിവന്ന ഉദാരവീക്ഷണത്തെ ഈ കോടതിവിധി പുറകോട്ടുകൊണ്ടുപോയെന്ന അഭിപ്രായം പുലർത്തുന്നവരും കുറവല്ല. ഇതിനെത്തുടർന്നു്, സമലൈംഗികരെന്നു് അറിയപ്പെടുന്നവർക്കു് അമേരിക്കയിൽ ജോലികൾ നഷ്ടപ്പെടാനും, ജീവിതസൗകര്യങ്ങൾ കുറയാനും സാദ്ധ്യതയുമുണ്ടു്.

സമലൈംഗികതയുടെ പ്രശ്നം അമേരിക്കൻ സുപ്രീംകോടതിയിലെത്തിയതു് തികച്ചും യാദൃച്ഛികമായാണു്. മൂന്നു വർഷംമുമ്പു്, മദ്യപിച്ചു ബഹളം വെച്ചതിനു് ജോർജിയ സ്റ്റേറ്റിലെ ഒരാൾക്കു് ഒരു കീഴ്ക്കോടതി പിഴശിക്ഷ വിധിച്ചു. പിഴ കെട്ടാതിരുന്നപ്പോൾ, അയാൾക്കു് ഒരു വാറണ്ടു് കൊടുക്കാൻ ഒരു പോലീസുദ്യോഗസ്ഥൻ ഈ മദ്യപന്റെ പാർപ്പിടത്തിൽ ചെന്നു. മദ്യപൻ മറ്റൊരു പുരുഷനുമായി സ്വന്തം മുറിയിൽ വാതിൽ തുറന്നിട്ടു പരസ്യമായി സമലൈംഗിക സമ്പർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നതാണു് പോലീസുദ്യോഗസ്ഥൻ കണ്ടതു്! ജോർജിയയിലെ ക്രിമിനൽ നിയമത്തിൽ സമലൈംഗികത ഒരു കുറ്റമാണു്; ഈ കുറ്റം ചെയ്യുവനു് ഇരുപതു വർഷംവരെ ജയിൽശിക്ഷ കൊടുക്കാം. പോലീസുദ്യോഗസ്ഥൻ മദ്യപനെ സമലൈംഗികകുറ്റം ചുമത്തി കോടതി കയററി. ജില്ലാക്കോടതിയിലെ സർക്കാർ വക്കീൽ ഈ കേസ്സു വാദിക്കേണ്ടെന്നു തീരുമാനിച്ചു. അങ്ങനെ വെറുതെ വിടപ്പെട്ട മദ്യപൻ (ഇപ്പോൾ സമലൈംഗികൻ) സമലൈംഗികതയ്ക്കെതിരായ സ്റ്റേറ്റു് നിയമത്തെ വെല്ലുവിളിക്കാൻ തീരുമാനിച്ചു. ജോർജിയയിലെ നിയമം, സൈ്വരത്തിനു് (പ്രൈവസിക്കു്) ഉള്ള തന്റെ മൗലികാവകാശത്തെ ലംഘിക്കുന്നതാകയാൽ, അതു റദ്ദാക്കണമെന്നായിരുന്നു അയാളുടെ വാദം. അമേരിക്കൻ സർക്യൂട്ടു് കോടതിയുടെ മൂന്നു് ജഡ്ജിമാരടങ്ങിയ ഒരു പാനൽ അയാളുടെ വാദം ശരിവെച്ചു. ഇതിനെതിരെ ജോർജിയ സ്റ്റേറ്റു് സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തു. മനുഷ്യനും ദൈവത്തിനും എതിരായ കുറ്റമാകയാൽ സമലൈംഗികത ശിക്ഷാർഹമാണെന്നായിരുന്നു ജോർജിയ സ്റ്റേറ്റിന്റെ വാദം. എയ്ഡ്സ് വ്യാധി പരക്കാതിരിക്കാൻ സമലൈംഗികതയ്ക്കെതിരായ നിയമം പ്രയോജനപ്പെടുമെന്ന യുക്തികൂടി സ്റ്റേറ്റു് പുതുതായി ഉന്നയിച്ചു. ഈ അപ്പീലിലാണു് സുപ്രീം കോടതി സമലൈംഗികരെ ശിക്ഷിക്കുന്നതിനെതിരെ സൈ്വരം (പ്രൈവസി) സംബന്ധിച്ച മൗലികാവകാശവാദം നിലനിൽക്കുകയില്ലെന്നു വിധിച്ചതു്.

അമേരിക്കൻ ഐക്യരാജ്യത്തിലെ അമ്പതു സ്റ്റേറ്റുകളിൽ ഇരുപത്തിനാലെണ്ണത്തിലും സമലൈംഗികത നിയമപ്രകാരം കുറ്റമാണു്. ഈ നിയമങ്ങൾ തെറ്റോ ശരിയോ എന്നു് സുപ്രീംകോടതി പരിശോധിച്ചി

ട്ടില്ല. സമലൈംഗികത അമേരിക്കൻ പൗരന്മാരുടെ മൗലികാവകാശങ്ങളിലൊന്നല്ല എന്നു മാത്രമാണു കോടതിവിധി.

സാക്ഷികളെ കിട്ടാൻ പ്രയാസമായതിനാൽ ലൈംഗികത സംബന്ധിച്ച കുററങ്ങൾ കോടതികളിലെത്തിച്ചു തെളിയിച്ചു ശിക്ഷിപ്പിക്കുക പ്രയാസമായിരിക്കും. പക്ഷേ, സമലൈംഗികർക്കു് എതിരായ പൊതുജനാഭിപ്രായം വളർത്താൻ സുപ്രീംകോടതിയുടെ ഈ വിധി ഉപകരിക്കാതിരിക്കുകയില്ല.

ഇതു ഗുണമായിരിക്കുമോ, ദോഷമായിരിക്കുമോ? ചില മുസ്ലീം രാജ്യങ്ങളിൽ ഇപ്പോഴും നടപ്പുള്ളതുപോലെ, പതിനേഴാം ശതകത്തിലെ അമേരിക്കയിൽ വ്യഭിചാരക്കുററം ചുമത്തപ്പെട്ട സ്ത്രീപുരുഷന്മാരെ പരസ്യമായി പ്രദർശിപ്പിച്ചു് ചമ്മട്ടികൊണ്ടു് അടിക്കുന്ന പതിവുണ്ടായിരുന്നു. ഈ പതിവു് പുനരുജ്ജീവിപ്പിക്കണമെന്നു് ഇപ്പോൾ അമേരിക്കയിൽ ആരും വാദിക്കുന്നില്ല. എന്നാൽ, എയ്ഡ്സ് ഭീതി വ്യാപകമായതിനെത്തുടർന്നു്, സമലൈംഗികരെപ്പിടിച്ചു്, കൈയിൽ പച്ചകുത്തി കുഷ്ഠരോഗികളെപ്പോലെ അവരെ സമൂഹത്തിൽനിന്നു് അകററണമെന്ന നിർദേശം അമേരിക്കയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. കൂടുതൽക്കൂടുതൽ യാഥാസ്ഥിതികമായി മാറുകയാണു് റേയ്ഗന്റെ കീഴിൽ, അമേരിക്ക എന്നതും ശ്രദ്ധേയമാണു്.

ഇന്ത്യയിൽ നമ്മുടെ സമൂഹം അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണല്ലോ. ലൈംഗികബന്ധങ്ങളിൽ ഈ മാററം അഗാധമായി പ്രതിഫലിക്കുന്നു. പരമപ്രധാനമായ ഈ പ്രശ്നം സംബന്ധിച്ചു് മററു രാജ്യങ്ങളുടെ നിലപാടുകളിൽ വന്നുകൊണ്ടിരിക്കുന്ന പരിവർത്തനം നാം മനസ്സിലാക്കുന്നതു നന്നു്.

'ഇതൊക്കെയും വിമർശിച്ചു.
നീയിഷ്ടംപോലെ ചെയ്യുക'

എന്നതാണല്ലോ ഗീതയിൽ ഭഗവാന്റെ ഉപദേശം. അതേസമയം, സമലൈംഗികബന്ധങ്ങൾ ഇന്ത്യൻ ശിക്ഷാനിയമപ്രകാരം കുററങ്ങളാണെന്നു് മറക്കാതിരിക്കുന്നതും നന്നു്. എന്തിനു കോടതിയെ കിടപ്പുമുറിയിലേക്കു വിളിച്ചുകയററുന്നു?

(17 ആഗസ്റ്റ്, 1986)

# 84. ഡോക്ടറേ, എന്നെ ഒന്നു കൊന്നുതരാമോ?

'ഡോക്ടറേ, എന്നെ ഒന്നു കൊന്നുതരാമോ?' എന്നു് അപേക്ഷിക്കുന്ന രോഗികൾ കുറവായിരിക്കും. പക്ഷേ, ചില രോഗികളുടെ ആഗ്രഹം അതായിക്കൂടെന്നില്ല. അത്തരം സന്ദർഭങ്ങളിൽ ഒരു ഡോക്ടർ എന്തു ചെയ്യണം?

പടിഞ്ഞാറൻ ജർമനിയിൽ 'ചീംസേ' എന്ന സ്ഥലത്തെ ഒരു വിദഗ്ധ ഡോക്ടർ ആണു് പ്രൊഫസർ ജൂലിയസ് ഹാക്കെത്താൽ. അദ്ദേഹത്തിന്റെ ഒരു രോഗിണി ഡോക്ടർ ഹാക്കെത്താലിനോടു് 'എന്നെ ഒന്നു കൊന്നുതരണേ!' എന്നു് അപേക്ഷിച്ചു. രോഗിണിക്കു് ഒരുഗ്ലാസ് വെള്ളത്തിൽ 'സയനൈഡ്' എന്ന വിഷം കലക്കിക്കൊടുക്കുവാൻ ഡോക്ടർ നിർദേശിച്ചു. രോഗിണിയുടെ ബന്ധുക്കൾ, ഡോക്ടർ പറഞ്ഞതുപോലെ ചെയ്തു. രോഗിണി ഉടൻ മരിക്കുകയുംചെയ്തു.